LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര സർക്കാർ സഹകരണ മന്ത്രാലയം രൂപീകരിച്ചത് സംസ്ഥാനത്തെ സഹകാരികളുടെയിടയിൽ ആശങ്ക സൃഷ്ടിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്.

(സി) ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്ന സഹകരണ മേഖലയുടെ പ്രവർത്തനം കാർഷിക രംഗത്തോടൊപ്പം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ പദ്ധതിയുണ്ടോ?

ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പിൽനിന്നും സഹകരണ സംഘങ്ങൾക്ക് കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ഇവയ്ക്കുള്ള ധനസഹായം, കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് സഹകരണ സ്ഥാപനങ്ങൾക്കുള്ള സഹായം, കർഷക സേവന കേന്ദ്രം, പി.എ.സി.എസ്. വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾക്കുള്ള സഹായം, കാർഷിക ഉത്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം എന്നീ പദ്ധതികളിലായി കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം അനുവദിക്കുന്നുണ്ട്. സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ വാല്യു ആഡഡ് ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന് ആവശ്യമായ സഹായം നൽകുന്നതാണ്. കേരള ബാങ്കിലൂടെ കർഷകർക്ക് അനുഗ്രഹമായി ലോൺ പദ്ധതികൾ ആസൂത്രണം ചെയ്ത നടപ്പിലാക്കിയിട്ടുണ്ട്. സഹകരണ മേഖലയുടെ പ്രവർത്തനം കാർഷിക രംഗത്തോടൊപ്പം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി അതാത് മേഖലകളിൽ പ്രാവീണ്യമുള്ള യുവസംരംഭകരെ ഉൾപ്പെടുത്തി 25 യുവജന സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത സംഘത്തിൽ കാർഷികമേഖലയ്ക്ക് ഊന്നൽ നൽകുന്നതാണ്.

പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനം

7(*7) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി <u>(ശ്രീ. പി. രാജീവ്)</u> സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലയളവിൽ രാജ്യത്തെ വിവിധ കോടതികളിൽ സർക്കാരിനുവേണ്ടി കേസ്സുകൾ നടത്തുന്നതിനായി പുറമെ നിന്നും നിയോഗിച്ച അഭിഭാഷകരുടെ ഫീസിനത്തിൽ സർക്കാർ ഖജനാവിൽനിന്നും ചെലവാക്കിയ തുക എത്രയാണെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ?

മുൻ സർക്കാരിന്റെ കാലയളവിൽ (31-5-2021 വരെ) രാജ്യത്തെ വിവിധ കോടതികളിൽ സർക്കാരിനുവേണ്ടി കേസ്സുകൾ നടത്തുന്നതിനായി പുറമെ നിന്നും നിയോഗിച്ച അഭിഭാഷകരുടെ ഫീസിനത്തിൽ കൈമാറിയ തുക 18,97,89,823 രൂപയാണ്.

(ബി) സർക്കാർ അഭിഭാഷകരുണ്ടായിട്ടും സർക്കാർ കേസ്സുകൾ വാദിക്കുന്നതിനായി ഇത്തരത്തിൽ പുറമെനിന്നും അഭിഭാഷകരെ നിയോഗിക്കേണ്ടി വരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പ്രത്യേക നിയമ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവഹാരങ്ങളിൽ ആ വിഷയങ്ങളിൽ അവഗാഹവും പ്രത്യേക പ്രവർത്തന പരിചയവുമുള്ള അഭിഭാഷകരുടെ സേവനം ഉപയോഗിക്കേണ്ടതായി വരും.

(സി) സംസ്ഥാനത്ത് ഹൈക്കോടതി പ്ലീഡർ മുതൽ കീഴ്കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ വരെയുള്ളവരുടെ നിയമനത്തിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഹൈക്കോടതിയിലെയും ജില്ലാ കോടതിയിലെയും മറ്റ് കീഴ് കോടതികളിലെയും സർക്കാർ അഭിഭാഷകരുടെ നിയമനങ്ങൾ 1978-ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആൻഡ് കണ്ടക്ട് ഓഫ് കേസസ് ചട്ടങ്ങൾ പ്രകാരമുള്ള യോഗ്യതകളുടെയും 9-8-2019-ലെ സ.ഉ. (കൈ)68/2019/നിയമം നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങളുടെയും അടിസ്ഥാന ത്തിലാണ് നടത്തുന്നത്. പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനങ്ങൾ ക്രിമിനൽ നടപടിക്രമത്തിലെ മാനദണ്ഡങ്ങളും 1978-ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആൻഡ് കണ്ടക്ട് ഓഫ് കേസസ് ചട്ടങ്ങളിലെ മാനദണ്ഡങ്ങളും അടിസ്ഥാനമാക്കിയാണ് നടത്തുന്നത്. മജിസ്ട്രേറ്റ് കോടതികളിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനങ്ങൾ Special Rules for the post of Director of Prosecution (Administration), Deputy Director of Prosecution and Senior Assistant Public Prosecutor, Assistant Public Prosecutor (Senior Grade), Assistant Public Prosecutor Grade I and Assistant Public Prosecutor Grade II, 2018-ൽ പ്രതിപാദിക്കുന്ന യോഗ്യതകളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനാണ് നടത്തുന്നത്.

(ഡി) പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും പ്ലീഡർമാരുടെയും നിയമനം രാഷ്ട്രീയ നിയമനമാകുന്നത് ജനങ്ങൾക്ക് നീതിന്യായ വ്യവസ്ഥയിലുള്ള വിശ്വാസ്യത നഷ്ടപ്പെടുത്തുമെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ ഈ നിയമനങ്ങൾ മെരിറ്റടിസ്ഥാനത്തിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

പ്രസ്തുത നിയമനങ്ങൾ നിലവിലുള്ള ചട്ടങ്ങളും ഉത്തരവുകളും അനുസരിച്ചുള്ള നിയമനങ്ങളാകയാൽ ടി നിയമനങ്ങൾ മെരിറ്റടിസ്ഥാനത്തിൽ തന്നെയുള്ളവയാണ്.

വ്യവസായ പാർക്കുകളുടെ വികസന പുരോഗതി

8(*8) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്തെ കൂടുതൽ നിക്ഷേപ സൗഹൃദമാക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്തെ കൂടുതൽ നിക്ഷേപ സൗഹൃദമാക്കുന്നതിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. സംരംഭക സഹായ പദ്ധതി
2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി
3. ചെറുകിട യൂണിറ്റുകൾക്കുള്ള മാർജിൻ മണിഗ്രാന്റ്
4. പ്രവർത്തനരഹിതമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകളുടെ പുനരുജ്ജീവന പദ്ധതി
5. വ്യവസായ ഭദ്രതാ പദ്ധതി
6. പ്രൈം മിനിസ്റ്റേഴ്സ് ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ്
7. സുസ്ഥിര സംരംഭകത്വത്തിനുള്ള അഗ്രോ ബിസിനസ് ഇൻകുബേഷൻ
8. കേരള സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റ് ആൻഡ് ട്രാൻസ്പരന്റ് ക്ലിയറൻസ്

LIBRARY ARCHIVES Kerala Legislative Assembly